ഹാദി

# കൈവിട്ടുപോകുന്ന കൗമാരം

**കേരളത്തിൽ** മതസംഘടനകൾ സജീവമായി പ്രവർത്തിക്കുന്ന, സാംസ്കാരിക നിലവാരത്തിൽ താരതമ്യേന മുന്നിൽ നിൽക്കുന്നുവെന്ന് കരുതപ്പെടുന്ന മേഖലയാണ് മലബാർ. കോളേജ് വിദ്യാർഥികൾക്കു വേണ്ടി മലബാറിലൊരിടത്ത് സംഘടിപ്പിച്ച ക്യാമ്പിൽ പങ്കെടുത്ത സുഹൃത്ത് അവിടെനിന്നു ലഭിച്ച ഒരറിവ് പങ്കുവെക്കുകയുണ്ടായി. കാമ്പസുകളുടെ വർത്തമാനത്തെക്കുറിച്ച് നടത്തിയ സ്വകാര്യ സംഭാഷണത്തിനിടെ രണ്ടു വിദ്യാർഥികൾ പറഞ്ഞതിപ്രകാരമായിരുന്നു: 'ഇസ്ലാമികബോധമുള്ള ഞങ്ങൾ വിരലിലെണ്ണാവുന്നവരെ മാറ്റിനിർത്തിയാൽ കോളേജിലെ ഭൂരിപക്ഷം വിദ്യാർഥികളും ലൈംഗിക ബന്ധത്തിലേർപ്പെടുന്നവരാണ്'!

മലബാറിലെത്തന്നെ സാമാന്യം ഭേദപ്പെട്ട സാംസ്കാരിക ബോധമുള്ള വീട്ടിൽനിന്ന് ബാംഗ്ലൂരിൽ ഉപരിപഠനത്തിനുപോയ ഒരു ആൺകുട്ടിയുടെ വീട്ടിലേക്ക് ഒരിക്കൽ അന്യമതസ്ഥയായ ഒരു പെൺകുട്ടി കയറിവന്നു. ബാംഗ്ലൂരിൽ അവന്റെ സതീർഥ്യയായ അവൾ വീട്ടുകാർക്കു മുമ്പിൽ തന്റെ ആവശ്യം അവതരിപ്പിച്ചു: 'അവന്റെയും എന്റെയും വിവാഹം നടത്തിത്തരണം, ഞങ്ങൾക്ക് ഒരുമിച്ച് ജീവിക്കണം.' ഒരു നിമിഷം സ്തബ്ധരായിനിന്ന വീട്ടുകാർ, അവളെ അതിന്റെ പ്രശ്നങ്ങൾ പറഞ്ഞു ബോധ്യപ്പെടുത്താൻ ശ്രമിക്കുകയും വിവാഹാവശ്യം നിരാകരിക്കുകയും ചെയ്തു. പ്രതീക്ഷയറ്റ അവൾ ഒടുവിൽ തുറന്നുപറഞ്ഞു: 'എന്റേത് മുഴുവൻ ഞാനവന് സമർപ്പിച്ചുകഴിഞ്ഞു, ഇനി ഞങ്ങൾക്ക് ഒരുമിച്ചല്ലാതെ ജീവിക്കാനാവില്ല'. മാതാപിതാക്കൾക്ക് തളർന്നിരിക്കാനല്ലാതെ ഒന്നിനുമായില്ല!

ഇവ രണ്ടും കൽപിത കഥകളോ ഒറ്റപ്പെട്ട സംഭവങ്ങളെ അതിശയോക്തി കലർത്തി സാമാന്യവത്കരിച്ച് അവതരിപ്പിച്ചതോ അല്ല. ഈ സംഭവങ്ങൾക്ക് അടിവരയിടുന്നതും ഞെട്ടലുളവാക്കുന്നതുമാണ്, കൗമാരക്കാർക്കിടയിലെ ലൈംഗിക അരാജകത്വത്തെക്കുറിച്ച് വിവിധ സർക്കാർ-ഇതര ഏജൻസികൾ പ്രസിദ്ധീകരിച്ചിട്ടുള്ള പഠനഫലങ്ങൾ. ആൾ ഇന്ത്യാ മെഡിക്കൽ ഇൻസ്റ്റിറ്റ്യൂട്ടിന്റെ എയ്ഡ്സ് സെൽ നടത്തിയ ഒരു പഠനത്തിൽ ദൽഹിയിലെ ഹൈസ്കൂൾ വിദ്യാർഥികളിൽ ലൈംഗികത ഒരു ഫാഷനായി വളർന്നിരിക്കുന്നുവെന്ന് തെളിയുകയുണ്ടായി. ദക്ഷിണ ദൽഹിയിലെ 7 സ്കൂളുകളിലെ 16 വയസ് പ്രായമുള്ള 716 കുട്ടികളെ പഠനവിധേയമാക്കിയപ്പോൾ 60-65 ശതമാനം വിദ്യാർഥികളും ലൈംഗികത ശീലമാക്കിയവരാണെന്ന് തുറന്നുപറഞ്ഞു. കൊച്ചിയിൽ വിദ്യാർഥികൾക്കിടയിൽ നടത്തിയ ഒരു പഠനത്തിൽ വലിയൊരു ശതമാനം കുട്ടികളും ലൈംഗിക അനുഭവമുള്ളവരാണെന്ന് തെളിഞ്ഞു. ലൈംഗികബന്ധം പുലർത്തുന്നില്ലെന്ന് പറഞ്ഞവർ ഏഴു ശതമാനം മാത്രം! സെൻട്രൽ ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് ബിഹേവിയറൽ സയൻസാണ് പഠനം നടത്തിയത്.

സംസ്കാരത്തിന്റെയും സദാചാരത്തിന്റെയും സർവ അതിർവരമ്പുകളും ലംഘിച്ച് ജീർണതകളുടെ അഴുക്കുചാലുകളിൽ യഥേഷ്ടം വ്യാപരിക്കുന്ന കൗമാരം നമ്മുടെ കൈവിട്ടുപോയിക്കൊണ്ടിരിക്കുകയാണ്. തെറ്റും ശരിയും തിരിച്ചറിയാത്തവരും എല്ലാം അറിഞ്ഞിട്ടും തുറന്നുകിട്ടിയ ആസ്വാദനത്തിന്റെ പുത്തൻ വഴികളിലൂടെ മുന്നേറുന്നവരും ലൈംഗിക അരാജകത്വത്തിന്റെയും മയക്കുമരുന്നുകളുടെയും നിലയില്ലാ കയങ്ങളിലേക്കാണ് ആപതിച്ചുകൊണ്ടിരിക്കുന്നത്. ലഹരിപദാർഥങ്ങളെക്കാൾ കൗമാരക്കാർക്കിടയിൽ പടർന്നുപിടിക്കുന്നത് രതി വൈകൃതങ്ങളാണ്. സ്വതന്ത്ര ലൈംഗികതയുടെ ഉത്സവത്തിമിർപ്പിലേക്കാണ് ഇപ്പോൾ കൗമാരം വളരുന്നത്. പക്ഷേ നമ്മുടെ വീടിന്റെ ഉള്ളറകൾ വരെ കടന്നുചെന്നിട്ടുള്ള അതിന്റെ വ്യാപകത്വവും സ്വാധീനവും നമ്മെ എത്രത്തോളം അലോസരപ്പെടുത്തുന്നുണ്ട്? ഈ മഹാമാരിയെ പ്രതിരോധിക്കാനും നമ്മുടെ കൗമാരത്തെ ലൈംഗിക അരാജകത്വത്തിന്റെ അപകടങ്ങളിൽനിന്ന് രക്ഷിക്കാനും നാം എത്രത്തോളം ജാഗരൂകരാണ്?

12-16 വയസ്സുകൾ ആൺകുട്ടികളിലും പെൺകുട്ടികളിലും മാനസികവും ശാരീരികവും ലൈംഗികവുമായ പലവിധ പരിവർത്തനങ്ങളും നടക്കുന്ന ഘട്ടമാണ്. അതുവരെ എതിർലിംഗത്തിൽപെട്ടവരോടു പുലർത്തിയ അകൽച്ച കുറയുകയും അടുപ്പം കൂടുകയും ചെയ്യുന്നു. ആൺ പെൺബന്ധങ്ങളിൽ അരുതായ്മകൾ കടന്നുവരാൻ തുടങ്ങുന്നു. മാനസിക അടുപ്പത്തിൽ തുടങ്ങി അത് ക്രമേണ ശരീരവേഴ്ചയിലേക്ക് ചെന്നെത്തുന്നു.

സാംസ്കാരിക-സദാചാര മൂല്യങ്ങളുടെ തുടലുകൾ പൊട്ടിച്ചെറിഞ്ഞുകൊണ്ടാണ് ലൈംഗിക അരാജകത്വത്തിന്റെ

വഴികളിലേക്ക് കുട്ടികൾ നയിക്കപ്പെടുന്നത്. അച്ചടി മാധ്യമങ്ങൾ, ടെലിവിഷൻ ചാനലുകൾ, ഇന്റർനെറ്റ്, മൊബൈൽ ഫോൺ തുടങ്ങിയ ആധുനിക മീഡിയയുടെ നീരാളിക്കൈകൾ നമ്മുടെ കൗമാരത്തെ വരിഞ്ഞുമുറിക്കിക്കഴിഞ്ഞു. സിനിമകളിലെ അശ്ലീലമായ ഗാനരംഗങ്ങൾ, ബ്ലൂഫിലിമുകൾ, മ പ്രസിദ്ധീകരണങ്ങൾ, ആഭാസം നിറഞ്ഞ ആൽബങ്ങൾ, ഇന്റർനെറ്റിലെ നൂറുകണക്കിന് അശ്ലീല സൈറ്റുകൾ, വീഡിയോ കാമറകളുള്ള മൊബൈൽ ഫോണുകൾ ഇവയെല്ലാം കാമാതുരമായൊരു ലോകമാണ് കൗമാരത്തിനു മുമ്പിൽ തുറന്നിടുന്നത്. മുതിർന്നവർ വരെ വഴിതെറ്റിപ്പോകുന്ന സാഹചര്യം നിലനിൽക്കെ, കൗമാരക്കാർ എങ്ങനെ ഈ രതിവൈകൃതങ്ങളിൽനിന്ന് രക്ഷപ്പെടാൻ!

പുതിയ തലമുറ ലൈംഗികാസ്വാദനത്തെ ഭക്ഷണം പോലെ അനിവാര്യമായി കാണുകയാണ്. അതിന് വിവാഹം വരെയോ യൗവനമെത്തുവോളമോ കാത്തിരിക്കാൻ അവർ ഒരുക്കമല്ല. വിവാഹപൂർവ ലൈംഗികബന്ധം ഇന്ന് സാർവത്രികമായിക്കൊണ്ടിരിക്കുന്നു. 60 ശതമാനം കോളേജ് വിദ്യാർഥികളും സംഭോഗം ഒഴികെയുള്ള ശരീരചേഷ്ടകൾ ആകാം എന്നു വിശ്വസിക്കുന്നുവെന്നാണ് പഠനങ്ങൾ സൂചിപ്പിക്കുന്നത്. ഹൈസ്കൂൾ, ഹയർ സെക്കന്ററി, കോളേജ് വിദ്യാർഥികളിൽ മൂന്നിൽ ഒന്നെങ്കിലും ലൈംഗിക ബന്ധത്തിലേർപ്പെടുന്നു. കൊച്ചിയാണ് ഇതിന്റെ കേന്ദ്രം. ആഡംബരമായി ജീവിക്കാൻ പണം കണ്ടെത്താനും കോളേജ് വിദ്യാർഥിനികൾ ഇതിന് മുതിരുന്നു. അതിവേഗം വളരുന്ന ടൂറിസം മേഖലയിൽ വിദേശികളോടൊപ്പം കഴിഞ്ഞ് പണം സമ്പാദിക്കുന്ന ആൺകുട്ടികളും പെൺകുട്ടികളും ആലപ്പുഴയിലും കൊച്ചിയിലും അപൂർവ കാഴ്ചയല്ല. 'സെക്സ് ടൂറിസം' എന്നാണിത് അറിയപ്പെടുന്നത്. കൊച്ചി നഗരത്തിൽ എ.സി റൂം സംവിധാനിച്ച, ഓടിക്കൊണ്ടിരിക്കുന്ന വാനുകളാണത്രെ ഇതിന് ഉപയോഗിക്കുന്നത്. രണ്ടര മണിക്കൂർ വാൻ നഗരം ചുറ്റിക്കൊണ്ടിരിക്കും. അതിന് നേരത്തേ പറഞ്ഞുറപ്പിച്ച പണം ഈടാക്കുകയും ചെയ്യും.

വിദ്യാലയങ്ങളിൽ വിദ്യാർഥി-വിദ്യാർഥിനികൾക്ക് അടുത്തിടപഴകാൻ ലഭിക്കുന്ന അവസരങ്ങളാണ് അപഥസഞ്ചാരത്തിന് വഴിയൊരുക്കുന്നത്. കലോത്സവങ്ങളും വിനോദയാത്രകളുമാണിതിൽ പ്രധാനം. കലോത്സവങ്ങളുടെ പരിശീലനവേളകളും യാത്രകളും വിദൂര സ്ഥലങ്ങളിലെ താമസവും ദുരുപയോഗം ചെയ്യപ്പെടുന്നു. ഒരു കോളേജിൽ വിദ്യാർഥിയായിരുന്ന ആൺകുട്ടി, അവിടെ പഠിക്കുന്ന തന്റെ സഹോദരിയെ സ്ഥാപനത്തിൽനിന്ന് വിനോദയാത്ര പോകാൻ ഒരിക്കലും അനുവദിക്കാറില്ലെന്ന് ഈയിടെ ഒരു സുഹൃത്ത് പറയുകയുണ്ടായി. അവന് നന്നായറിയാം എന്താണ് വിനോദയാത്രകളിൽ നടക്കുന്നതെന്ന്!

15-25 രൂപയുടെ അശ്ലീല സീഡികൾ വ്യാപകമായി പ്രചരിച്ചിട്ടുണ്ട്. കൗമാരക്കാരുടെ കൈകളിലും അവ എത്തുന്നു. ഈയിടെ വയനാട് ജില്ലയിൽ യു.പി ക്ലാസ്സിൽ പഠിക്കുന്ന വിദ്യാർഥിയുടെ പുസ്തകത്തിൽനിന്ന് അശ്ലീല സി.ഡികൾ കണ്ടെടുക്കുകയും കുട്ടിയെ പുറത്താക്കുകയും ചെയ്ത സംഭവം അവിടത്തെ അധ്യാപിക അനുസ്മരിക്കുകയുണ്ടായി. ഏക മകന്റെ വാശിക്ക് വഴങ്ങി ദരിദ്രരായ വീട്ടുകാർ ടി.വിയും സി.ഡി പ്ലയറും ഇൻസ്റ്റാൾമെന്റായി വാങ്ങിക്കൊടുക്കുകയായിരുന്നു. തന്റെ റൂമിൽ സ്വകാര്യമായിരുന്ന് കാണുക മാത്രമല്ല, യു.പി ക്ലാസ്സിലെ മറ്റു കുട്ടികൾക്കും അത് വിതരണം ചെയ്തുകളഞ്ഞു. ചാനലുകളാണ് മറ്റൊരു മാർഗം. അശ്ലീലത മാത്രം സംപ്രേഷണം ചെയ്യുന്ന ചാനലുകളുണ്ട്, മലയാളത്തിലും ഹിന്ദിയിലും ഇംഗ്ലീഷിലും. മൊബൈൽ ഫോണുകളിലെ കാമറ-ബ്ലൂടൂത്ത് സംവിധാനം ദുരുപയോഗം ചെയ്യുന്നതിന്റെ നിരവധി ഉദാഹരണങ്ങൾ പത്രങ്ങളിൽ വരികയുണ്ടായി. 50 രൂപ കൊടുത്താൽ അശ്ലീല രംഗങ്ങൾ മൊബൈലിൽ കയറ്റിക്കൊടുക്കുന്ന ഷോപ്പുകൾ നഗരങ്ങളിലുണ്ട്. ധാരാളം സ്കൂൾ-കോളേജ് വിദ്യാർഥികൾ അവിടെ ഉപഭോക്താക്കളായെത്തുന്നു.

ആഭാസ രംഗങ്ങൾക്ക് വേദിയാകുന്ന 'നൈറ്റ് ക്ലബ്ബുകൾ' പല നഗരങ്ങളിലും പ്രവർത്തിക്കുന്നു. രാത്രി പുറത്തിറങ്ങാൻ കഴിയാത്തവർക്ക് ഡേ ഡിസ്കോ എന്നും മറ്റും പേരുകളിൽ 'പകൽ ക്ലബ്ബുകൾ' പ്രവർത്തിക്കുന്നു. ഇപ്പോൾ ചാനലുകളിലും തിമിർത്താടുന്ന റിയാലിറ്റി ഷോകൾ, ഇത്തരം ഡേ-നൈറ്റ് ക്ലബ്ബുകളിലെ കൂത്താട്ടത്തിന്റെ വൃത്തികെട്ട അനുകരണമാണ്. 'മത്സരങ്ങൾ, കലാപരിപോഷണം' തുടങ്ങിയ ലേബലുകൾ ചാർത്തി പേക്കൂത്തുകൾ കുടുംബസദസ്സുകളിലെത്തിക്കുകയാണ് റിയാലിറ്റി ഷോകൾ. റിയാലിറ്റി ഷോകളെക്കുറിച്ച് ഈയിടെയുണ്ടായ നിരൂപണങ്ങൾ പലതും 'മലയാളം' ചാനലുകളിൽ 'തമിഴ്, ഹിന്ദി...' ഭാഷയിലെ ഗാനങ്ങൾ പാടുന്നു എന്നതിൽ പരിമിതപ്പെട്ടുപോയി! 'റിയാലിറ്റി ഷോ'യിൽ ഏതു ഭാഷയിലുള്ള പാട്ടു പാടുന്നു എന്നതാണോ, അത് നമ്മുടെ സംസ്കാരത്തിന്റെയും സദാചാരത്തിന്റെയും ആണിക്കല്ലിളക്കുന്നതാണോ അടിസ്ഥാന പ്രശ്നം? കൊച്ചു പെൺകുട്ടികളും കോളേജ് വിദ്യാർഥികളും മാത്രമല്ല രണ്ടും മൂന്നും പ്രസവിച്ച വീട്ടമ്മമാർ വരെ സെക്സിയായി ആടുകയും പാടുകയും ചെയ്യുന്നു റിയാലിറ്റി ഷോകളിൽ. റിയാലിറ്റി ഷോയിലെ ഒരു വിധികർത്താവ് മത്സരാർഥിയായ പെൺകുട്ടിയോട് പറഞ്ഞത് പാട്ട് ഇത്തിരി മോശമായാലും 'നന്നായി ആടണം, ശരീരം കുലുങ്ങണം' എന്നാണ്.

ഇവയെല്ലാം പുതിയ തലമുറയുടെ സിരകളിൽ കുത്തിവെക്കുന്നതെന്താണെന്ന് പ്രത്യേകം പറയേണ്ടതില്ല. കൺമുമ്പിൽ കാണുന്നതെല്ലാം, സ്വജീവിതത്തിൽ പകർത്താൻ ബദ്ധപ്പെടുന്ന കൗമാരക്കാർ എളുപ്പത്തിൽ ലൈംഗിക വൈകൃതങ്ങൾക്കടിപ്പെടുന്നു. അതുകൊണ്ടാണ്, മെഡിക്കൽ കോളേജുകളിലും നിരവധി സ്വകാര്യ ഹോസ്പിറ്റലുകളിലും ഗർഭഛിദ്രം നടത്താനെത്തുന്ന കൗമാരക്കാരികളുടെ എണ്ണം വർഷംതോറും വർധിക്കുന്നത്. കോട്ടയം മെഡിക്കൽ കോളേജിൽ 16 വയസ്സിനു താഴെയുള്ള 13 പെൺകുട്ടികളാണ് ഒരിക്കൽ ഗർഭഛിദ്രത്തിനെത്തിയത്. കിളിമാനൂരിലെ ഒരു പ്ലസ് ടു വിദ്യാർഥിനിയുമായി ഏഴ് സഹപാഠികൾ ലൈംഗികബന്ധത്തിലേർപ്പെട്ടതും നിലമ്പൂരിലെ പത്താം ക്ലാസ്സുകാരി പ്രസവിച്ചപ്പോൾ അച്ഛനാരെന്ന ചോദ്യത്തിന് മീശ മുളക്കാത്ത സഹപാഠിയെ ചൂണ്ടിക്കാണിച്ചതും കൈവിട്ട കൗമാരത്തിന്റെ അടയാളങ്ങളാണ്. വ്യാപകമാകുന്ന പല ബ്യൂട്ടി പാർലറുകളും മുടി വെട്ടാനുള്ളതല്ല, ശരീരത്തിലെ ഓരോ അവയവവും ബോയ് ഫ്രണ്ടിന്റെ/ ഗേൾ ഫ്രണ്ടിന്റെ ആവശ്യാനുസാരം പ്ലാസ്റ്റിക് സർജറി നടത്തി പുതുരൂപം വരുത്താനുള്ളതാണ്!

## വഴി തെറ്റിക്കുന്ന പരിഹാരമാർഗങ്ങൾ

ലൈംഗിക അരാജകത്വത്തിൽനിന്ന് സമൂഹത്തെ രക്ഷിക്കാനെന്ന വ്യാജേന അന്താരാഷ്ട്ര ഏജൻസികളും കേന്ദ്ര-സംസ്ഥാന സർക്കാറുകളും പല പദ്ധതികളും നടപ്പിലാക്കിക്കൊണ്ടിരിക്കുന്നു. പല 'പരിഹാരമാർഗങ്ങളും' ലൈംഗിക വൈകൃതങ്ങളുടെ വ്യാപകത്വത്തിനാണ് കാരണമാകുന്നതെന്നും നിലവിലുള്ള സദാചാരവും സംസ്കാരവും പോലും അതുവഴി തകരുന്നുവെന്നും അനുഭവങ്ങൾ സാക്ഷ്യപ്പെടുത്തുന്നു. സ്കൂളുകളിൽ നടപ്പിലാക്കുന്ന ലൈംഗിക വിദ്യാഭ്യാസ പദ്ധതിയും എയ്ഡ്സ് തടയാനുള്ള കോണ്ടം വിതരണവും മികച്ച ഉദാഹരണമാണ്. എന്തിനെതിരെയാണോ ബോധവൽക്കരണം, അതിനുള്ള പ്രോത്സാഹനമായി മാറുകയാണ് പ്രചാരണങ്ങൾ. ഗർഭധാരണത്തിൽനിന്നും എയിഡ്സിൽനിന്നും സുരക്ഷിതത്വം ലഭിക്കുമെന്ന് തോന്നുന്നതോടെ നിർഭയമായി ലൈംഗികബന്ധ

# അരാജകത്വം വരുന്ന വഴികൾ

ലൈംഗിക വൈകൃതങ്ങൾ വ്യാപകമാകാനുള്ള പ്രധാന കാരണങ്ങൾ ഇങ്ങനെ സംഗ്രഹിക്കാം:

ഒന്ന്, സാമൂഹിക സാഹചര്യങ്ങളിൽ സമീപകാലത്ത് വലിയ മാറ്റങ്ങൾ സംഭവിച്ചു. പല മേഖലകളിലും സർവത്ര അരാജകത്വമാണ്. സമൂഹത്തിന്റെ കൂട്ടുത്തരവാദിത്വം ഇല്ലാതാവുകയും വ്യക്തിനിഷ്ഠത വളരുകയും ചെയ്തു. ആത്മീയത പോലും വ്യക്തിനിഷ്ഠമായി. മുമ്പത്തെപ്പോലെ തിന്മയെ പ്രതിരോധിക്കാൻ മുതിർന്ന തലമുറ മുന്നോട്ടുവരുന്നില്ല. 'മറ്റുള്ളവരുടെ' കാര്യത്തിൽ ഇടപെടേണ്ടതില്ലെന്നാണ്.

രണ്ട്, പരസ്പര ബന്ധങ്ങളിൽ വലിയ മാറ്റമുണ്ടായി. കുടുംബാംഗങ്ങൾ വളരെയേറെ കുറഞ്ഞു. അണുകുടുംബങ്ങളിൽ ഒറ്റപ്പെടുന്ന, സ്നേഹം നിഷേധിക്കപ്പെട്ട കുട്ടികൾ കൂട്ടുകൂടാനും സ്നേഹം നേടാനും പലതരത്തിലുള്ള ബന്ധങ്ങൾ കണ്ടെത്തി. വഴിപിഴച്ച പല പ്രേമബന്ധങ്ങളും സ്നേഹം നിഷേധിക്കപ്പെട്ടവരുടേതായിരുന്നുവെന്ന് പഠനങ്ങൾ തെളിയിച്ചിട്ടുണ്ട്. ഇത്തരം ബന്ധങ്ങൾ പെട്ടെന്നുതന്നെ ലൈംഗികതയിൽ ചെന്നെത്തുന്നു.

മൂന്ന്, സംസ്കാരവും സദാചാരവും പുതിയ തലമുറക്ക് അന്യമായിക്കൊണ്ടിരിക്കുന്നു. തോന്നിയപടി ജീവിക്കലും മൂല്യങ്ങൾ തിരസ്കരിക്കലുമാണ് പുതിയ കാലഘട്ടത്തിന്റെ പ്രത്യേകത. ആധുനിക ഭൗതികതയുടെ സ്വാധീന ഫലമാണിത്.

നാല്, ഐ.ടി മേഖലയുടെ അഭൂതപൂർവമായ വികാസവും ഇന്റർനെറ്റിന്റെ അനന്ത സാധ്യതകളും. നൂറുക്കണക്കിന് അശ്ലീല സൈറ്റുകളാണ് കുട്ടികളുടെ വിരൽ തുമ്പിലുള്ളത്. ഒരിക്കൽ ഒരു സൈറ്റ് സന്ദർശിക്കുന്ന കുട്ടി, നെറ്റിലൂടെ അശ്ലീലതയുടെ ആഭാസലോകത്തേക്ക് പ്രവേശിക്കുകയും അധികം വൈകാതെ അതിന് അടിമയാവുകയും ചെയ്യുന്നു. നെറ്റ് സന്ദർശനവും ചാറ്റിംഗും ഹരം പിടിച്ച് അതൊരു മാനസിക രോഗമായി മാറും.

ടി.വി കാണുന്നതിൽ അപകടമുണ്ടെന്ന് കരുതുന്ന രക്ഷിതാക്കൾ പോലും കുട്ടികൾക്ക് 'പഠനാവശ്യാർഥം' യഥേഷ്ടം കമ്പ്യൂട്ടർ ഉപയോഗിക്കാൻ അവസരം നൽകുന്നു. അതിന്റെ അപകടങ്ങളെക്കുറിച്ച് പലരും വേണ്ടത്ര ബോധവാന്മാരല്ല. വീടുകളിൽ വ്യാപകമായി ഇന്റർനെറ്റ് സൗകര്യവുമുണ്ട്.

ബാംഗ്ലൂർ ഉൾപ്പെടെയുള്ള വൻകിട ഐ.ടി നഗരങ്ങളിൽ ലഹരിയും ലൈംഗികതയും ആത്മീയ വാണിജ്യവും ഒരുപോലെ വളരുകയാണ്. കേരളത്തിന്റെ ഐ.ടി കേന്ദ്രമാകുന്ന കൊച്ചി ഇപ്പോഴുള്ളതിന്റെ അനേകമിരട്ടി വൃത്തികേടുകളിലേക്ക് വൈകാതെ നീങ്ങുന്നത് നമുക്ക് കാണാം.

അഞ്ച്, പണത്തിന്റെ ആധിക്യം. ഐ.ടി ജോലിയിലൂടെയും ഗൾഫ് വരുമാനത്തിലൂടെയും മറ്റും പുതിയ തലമുറയുടെ കൈയിൽ ധാരാളം പണം എത്തുന്നു. കൗമാരക്കാരുടെയും യുവാക്കളുടെയും കൈയിലെത്തുന്ന പണമാണ് അവരെ വഴികേടുകളിലേക്ക് നയിക്കുന്നത്.

ആറ്, സ്ത്രീമേനിയിൽ മാത്രം ഫോക്കസ് ചെയ്യുന്ന മീഡിയ. പരസ്യങ്ങൾ മാത്രമല്ല, ലേഖനങ്ങളും ഫീച്ചറുകളും റിപ്പോർട്ടുകളുമെല്ലാം അശ്ലീലത നിറഞ്ഞതാണ്. ആഭാസകരമായ വർണ ചിത്രങ്ങളോടെ ഇറങ്ങുന്ന *ഇന്ത്യാ ടുഡേ*യാണ് മലയാളത്തിൽ ഈ രംഗത്ത് മുന്നിൽ. വാർത്താ വാരികയായി അശ്ലീലം പ്രചരിപ്പിക്കുകയാണ് *ഇന്ത്യ ടുഡേ.* ചില പ്രസിദ്ധീകരണങ്ങൾ ലൈംഗിക അരാജകത്വത്തെക്കുറിച്ച് എഴുതുന്നതു പോലും അതിന് പ്രോത്സാഹനം നൽകുന്ന രീതിയിലാണ്.

ഏഴ്, കൗമാരക്കാരുടെയും യുവതി-യുവാക്കളുടെയും വസ്ത്രധാരണ രീതിയിൽ സമീപകാലത്ത് അടിമുടി മാറ്റങ്ങൾ ഉണ്ടായിട്ടുണ്ട്. ശരീരഭാഗങ്ങൾ മറക്കാതിരിക്കുകയെന്നതല്ല ലൈംഗികോത്തേജിതമായി പ്രദർശിപ്പിക്കുകയെന്നതാണ് പുതിയ വസ്ത്രധാരണ രീതി. പെൺകുട്ടികളുടെ ഫാഷൻ വസ്ത്രങ്ങളാണ് ഇതിൽ മുമ്പിൽ. ഇപ്പോൾ ആൺകുട്ടികളുടെ വസ്ത്രങ്ങളും അവ്വിധമായിട്ടുണ്ട്. ചെറിയ പെൺകുട്ടികൾ പോലും ധരിക്കുന്ന വസ്ത്രങ്ങൾ വളരെയധികം ആഭാസകരമായിത്തീർന്നിരിക്കുന്നു.

എട്ട്, ഗ്രാമങ്ങളിൽ പോലും വ്യാപകമായ സി.ഡി ഷോപ്പുകൾ. എല്ലാതരം വൃത്തികേടുകളും വിറ്റഴിക്കുന്ന ഇവിടെ യു.പി വിദ്യാർഥികൾ വരെ സ്ഥിരം സന്ദർശകരാണ്. വീട്ടുകാരാണ് പലപ്പോഴും ആദ്യം കുട്ടികളെ സി.ഡി കടകളിലയക്കാറുള്ളത്. പിന്നീട് സ്വന്തമായി തന്നെ അവർ സി.ഡികൾ തെരഞ്ഞെടുക്കുന്നു. അശ്ലീല സി.ഡികൾക്കുള്ള പ്രത്യേക കോഡ് നമ്പറുകൾ വരെ കൗമാരക്കാർക്ക് മനഃപാഠം. ■

ത്തിലേർപ്പെടുന്നത് വ്യാപകമാവുകയാണ് ചെയ്യുക.

തായ്‌ലന്റ് സമ്പദ്ഘടന സെക്സ് ടൂറിസത്തിലധിഷ്ഠിതമാണ്. അവിടെ കുട്ടികൾ വ്യാപകമായി ലൈംഗിക വൈകൃതങ്ങളിലേർപ്പെടുന്നു. അവരിൽ എയിഡ്സ് വ്യാപിക്കുന്നതും അവർ ഗർഭം ധരിക്കുന്നതും തടഞ്ഞ് സുരക്ഷിതമായ ലൈംഗിക ബന്ധം ഉറപ്പുവരുത്താനാണ് തായ് ഗവൺമെന്റ് സ്കൂളുകളിൽ ലൈംഗിക വിദ്യാഭ്യാസ പദ്ധതി നടപ്പിലാക്കിയത്. അതിന്റെ ദുരന്തമാണ് തായ്‌ലന്റിന്റെ വർത്തമാനം. അതേ ലൈംഗിക വിദ്യാഭ്യാസ പദ്ധതി അതുപോലെ ഇവിടുത്തെ സ്കൂളുകളിലും നടപ്പിലാക്കാൻ തീരുമാനിക്കുന്നു. അതേസമയം ഹോം ടൂറിസവും സെക്സ് ടൂറിസവും പ്രോത്സാഹിപ്പിക്കുന്ന പുതിയ പ്രോജക്ടുകൾ ഗവൺമെന്റ് കൊണ്ടുവരികയും ചെയ്യുന്നു. ഇവ രണ്ടും ചേർത്തുവായിച്ചാൽ, നമ്മുടെ കുട്ടികളെ ഉപയോഗപ്പെടുത്തി ഇവിടെ തായ് മാതൃകയിൽ സെക്സ് ടൂറിസം വികസിപ്പിക്കാനാണ് പരിപാടിയെന്ന് ബോധ്യമാവും. അതിനുള്ള മുന്നൊരുക്കമാണ് സ്കൂളുകളിലെ ലൈംഗിക വിദ്യാഭ്യാസ പദ്ധതി. സ്ത്രീ പുരുഷന്മാരുടെ ലൈംഗികാവയവങ്ങളുടെ വളർച്ച ചിത്രീകരിക്കുന്നതും വൃത്തികെട്ട ചോദ്യങ്ങൾ ഉന്നയിക്കുന്നതും മറ്റുമാണ് പ്രസ്തുത പദ്ധതിയുടെ വിശദാംശങ്ങളടങ്ങിയ പുസ്തകം. യുനിസെഫാണ് പദ്ധതിക്കു പിന്നിൽ. സ്വതന്ത്ര ലൈംഗികതയിൽ തെറ്റില്ല, പക്ഷേ, എയിഡ്സും ഗർഭധാരണവും തടയാൻ കോണ്ടം ഉപയോഗിക്കണം – ഇതാണ് പ്രധാന അധ്യാപനം. സംസ്കാരവും സദാചാരവും തകരുന്നത് തടയാൻ ഇത്തരം സുരക്ഷാ ക്രമീകരണങ്ങൾക്കാകില്ല, കേരളം ഒരു തായ്‌ലന്റാകുകയാകും ഫലം! ഒരു പ

ക്ഷേ, അതുതന്നെയാകും യുനിസെഫി ന്റെയും അതിനു പിന്നിലുള്ളവരുടെയും ലക്ഷ്യം. നവലൈംഗികതാ വാദത്തിന്റെ യും നവലിബറൽ രാഷ്ട്രീയത്തിന്റെയും പ്രത്യയ ശാസ്ത്ര പരിസരം നമ്മെ ബോ ധ്യപ്പെടുത്തുന്നതും അതാണ്. കുത്തക കളുടെ കമ്പോള താൽപര്യങ്ങൾ സംര ക്ഷിക്കാൻ സദാചാരവും സംസ്കാരവും തകർന്ന അരാജകത്വത്തിന്നടിപ്പെട്ട സ മൂഹം വേണം. മതവിശ്വാസം, ഭക്തി, സ മൂഹത്തിന്റെ കെട്ടുറപ്പ് തുടങ്ങിയവയെ ല്ലാം നഷ്ടപ്പെടണം.

ആത്മവിശ്വാസം, പരസ്പരമുള്ള വിശ്വാസം, ഉറച്ച സാമൂഹികബന്ധം, സ്ഥിരോത്സാഹം തുടങ്ങിയവ വ്യക്തിക ളിൽനിന്നും മതവിഭാഗങ്ങളിൽനിന്നും രാ ഷ്ട്രങ്ങളിൽനിന്നും അന്യം നിൽക്കു കയും വ്യക്തികൾ സുഖലോലുപരും അ ന്തർമുഖരും മാനസിക രോഗികളുമായി മാറി ശിഥിലവുമാകുമ്പോൾ മാത്രമേ അ ധിനിവേശം വിജയിക്കുകയുള്ളൂ. അതി നുള്ള ശ്രമമാണ് ഇപ്പോൾ നടക്കുന്നത്. *അൽ മുൻതലഖ്* എന്ന അറബി പുസ്ത കത്തിൽ, മുസ്‌ലിംകളുടെ സദാചാരവും സംസ്കാരവും കുടുംബജീവിതവും തകർക്കാൻ അവർക്കിടയിൽ അഭിസാരി കമാരെ നിയോഗിക്കാൻ പാശ്ചാത്യർ തീരുമാനിച്ചതായി വിവരിച്ചതോർക്കുന്നു.

## പരാജയപ്പെടുന്ന രക്ഷാകർതൃത്വം

ഫലപ്രദമായ രക്ഷാകർതൃത്വത്തി ന്റെ അഭാവമാണ് കൗമാര പ്രായക്കാർ വഴിതെറ്റുന്നതിന്റെ മുഖ്യകാരണം. കുട്ടി കളുടെ വിദ്യാഭ്യാസ കാര്യത്തിലെന്ന പോലെ സാംസ്കാരിക ഔന്നത്യത്തിലും ബദ്ധശ്രദ്ധരായ രക്ഷിതാക്കളുടെ കുട്ടി കൾ ഉയർന്ന സദാചാരവും സ്വഭാവ ഗുണങ്ങളും പുലർത്തുന്നതുകാണാം. രക്ഷിതാക്കൾ അശ്രദ്ധരായ കുടുംബങ്ങ ളിലെ കുട്ടികളാണ് മിക്കവാറും മാർഗഭ്രം ശത്തിനടിപ്പെടുന്നത്.

ഭൗതികതക്കു പിന്നാലെ ഓടുന്ന മാതാപിതാക്കൾക്ക് കുട്ടികളെ ശ്രദ്ധി ക്കാൻ ഒട്ടും സമയമുണ്ടാകില്ല. മഞ്ചേരി യിലെ ഡോക്ടർ ദമ്പതിമാരുടെ പ്ലസ് വൺ വിദ്യാർഥിയായ മകൻ അഭിസാരി കമാരെ തേടിപ്പോയ സംഭവമൊക്കെ ഉണ്ടാകുന്നത് അങ്ങനെയാണ്. കുട്ടി കൾക്ക് സ്വാതന്ത്ര്യം നൽകുകയും അവ രുടെ ഇഷ്ടാനിഷ്ടങ്ങൾക്കനുസരിച്ച് അവരെ വളർത്തുകയും ചെയ്യുകയാണ് രക്ഷാകർതൃത്വം എന്ന ധാരണ ഇക്കാ ലത്ത് പ്രബലമാണ്. ശരി തെറ്റുകൾ കൂടി ക്കലർന്ന തത്ത്വമാണത്. പലപ്പോഴും അതിൽ തെറ്റുമാത്രമാണ് സംഭവിക്കുന്ന ത്. എന്തിനും കുട്ടികൾക്ക് സ്വാതന്ത്ര്യം നൽകുകയും അവർ പറയുന്നതെന്തും സാധിച്ചുകൊടുക്കുകയും ചെയ്യുന്ന രക്ഷി താക്കൾ വർധിക്കുകയാണ്. 15 വയസ്സു കാരിയുടെ വസ്ത്രത്തെക്കുറിച്ച് അവ ളുടെ ഇഷ്ടം മാത്രം നോക്കുന്നവരാണ് പല രക്ഷിതാക്കളും. ദീനീബോധമുള്ള രക്ഷിതാക്കളുടെ മക്കൾ-പ്രത്യേകിച്ചും പെൺകുട്ടികൾ- ധരിക്കുന്ന വസ്ത്രങ്ങൾ ചിലപ്പോൾ വളരെ ആഭാസകരമായി കാണാറുണ്ട്. മാതാപിതാക്കൾക്ക് മക്കളു മായി അടുത്ത ബന്ധമില്ലാതിരിക്കു മ്പോൾ അവർക്ക് വഴിപിഴപ്പിക്കുന്ന കൂട്ടു കെട്ടുകൾ ഉണ്ടാകും. മക്കളുടെ കലാവാ സനകൾ വളർത്താൻ താൽപര്യമെടു ക്കുന്ന രക്ഷിതാക്കൾക്ക് പലപ്പോഴും കുട്ടി കളുടെ അപഥസഞ്ചാരം കാണേണ്ടിവരു ന്നു. കേരളത്തിലെ ഒരു പ്രമുഖ ഉൽപ തിഷ്ണു പണ്ഡിതന്റെ പേരമകളെ നമ സ്കാരവും ഖുർആൻ പാരായണവും പഠിപ്പിക്കും മുമ്പ് ഡാൻസ് സ്കൂളിൽ ചേർത്തതായി പറയപ്പെടുന്നു! ഇംഗ്ലീഷ് മീഡിയം വിദ്യാഭ്യാസത്തിന്റെ ഒരു ദുരന്തം ഇസ്‌ലാമിക ബോധം ലഭിക്കേണ്ട മദ്‌റസാ പഠനത്തിന് അവസരം പൂർണമായും തടയപ്പെടുകയോ കുറയുകയോ ചെയ്തു എന്നതാണ്. ഇത് സൃഷ്ടിക്കുന്ന ദുര ന്തവും നാം അനുഭവിക്കുന്നു.

## ചില നിർദേശങ്ങൾ

ചില പരിഹാര നിർദേശങ്ങൾ കൂടി കുറിക്കുന്നു.

1. ചെറുപ്രായത്തിലേ ഇസ്‌ലാമിക സംസ്കാരം പകർന്നുകൊടുത്ത് കുട്ടി കളെ വളർത്താൻ ശ്രദ്ധിക്കണം. അവരെ ആരാധനാ കാര്യങ്ങളിൽ ജാഗ്രതയുള്ള വരാക്കുക.

2. വീടിന്റെ അന്തരീക്ഷം ഇസ്‌ലാ മികമാവണം. ടി.വി സെറ്റുകൾക്കു മുമ്പിൽനിന്ന് കുട്ടികളെ പരമാവധി മാറ്റി നിർത്തുക. ടി.വിയും കമ്പ്യൂട്ടറും സ്വകാ ര്യമായി ഉപയോഗിക്കാൻ അനുവദിക്കരു ത്. എല്ലാവരുടെയും ശ്രദ്ധയെത്താവുന്ന ഡൈനിംഗ് ഹാളിലോ മറ്റോ അവ സ്ഥാപിക്കുക.

3. കുട്ടികളുടെ യാത്ര, കൂട്ടുകെട്ട്, സ്കൂളിലെ ഹാജർ, സ്വഭാവ ശീലങ്ങൾ എന്നിവ നിരന്തരം നിരീക്ഷിക്കുക. കുട്ടി കളെ അലോസരപ്പെടുത്തുന്ന രീതിയിലാ കരുത് അതെന്നു മാത്രം.

4. കലാലയങ്ങളിൽ നിന്നുള്ള വിനോദയാത്രകളിൽനിന്നും കൂട്ടുകാരോ ടൊപ്പം മാത്രമുള്ള വിനോദയാത്രക ളിൽനിന്നും കഴിയുന്നതും കുട്ടികളെ നിരുത്സാഹപ്പെടുത്തുക. കുടുംബം ഒന്നിച്ച് ഇത്തരം യാത്രകൾ നടത്തുന്ന ശീലം വളർത്തുക. അതിനനുസരിച്ച സൗഹൃദബന്ധം മാതാപിതാക്കളും മക്കളും തമ്മിൽ ഉണ്ടാകണം.

5. മാതാപിതാക്കളാകണം കുട്ടിക ളുടെ അടുത്ത സുഹൃത്തുക്കൾ. കുട്ടിക ളോടൊന്നിച്ചിരിക്കാൻ അവർ സമയം കണ്ടെത്തണം. പിതാവ് രാത്രി പഠന സന്ദർഭങ്ങളിൽ വീട്ടിലുണ്ടാകണം. മിക്ക മുസ്‌ലിം വീടുകളിലും കുട്ടികൾ ഉറങ്ങാ റാകുമ്പോഴാണ് പിതാവ് അങ്ങാടി യിൽനിന്ന് വീട്ടിലേക്ക് വരിക.

6. കുട്ടികളുടെ ബാഗ്, പുസ്തക ങ്ങൾ, കമ്പ്യൂട്ടർ തുടങ്ങിയവ ഇടക്കിടെ പരിശോധിക്കുക. നല്ല കൂട്ടുകാരെ സ്വീക രിക്കാൻ പ്രേരിപ്പിക്കുകയും അവരുടെ വീടുകളുമായി മാതാപിതാക്കൾ സമ്പർക്കം പുലർത്തുകയും ചെയ്യുക. കുട്ടികളുടെ അധ്യാപകരുമായി പഠന കാര്യത്തിനപ്പുറം ഒരു ബന്ധം രക്ഷിതാ ക്കൾ നിലനിർത്തണം.

7. സ്വതന്ത്രമായി ഇടപഴകാവുന്ന വർ ആരൊക്കെയാണെന്നും ഹിജാബ് പാലിക്കേണ്ടവർ ആരൊക്കെയാണെന്നും കുട്ടികളെ പഠിപ്പിക്കണം. എതിർ ലിംഗ ത്തിൽ പെട്ടവരോട് ഇസ്‌ലാമിക സംസ്കാരമനുസരിച്ച് എങ്ങനെ പെരുമാ റുമെന്നും ഇടപെടലുകളുടെ പരിധി എന്താണെന്നും ബോധ്യപ്പെടുത്തണം.

8. കുട്ടികൾക്ക് വീടുകളിലും മറ്റും ഒറ്റക്ക് കഴിയാൻ അവസരമുണ്ടാക്കാതി രിക്കുക. ഒരു കുട്ടി മാത്രം വീട്ടിൽ തനി ച്ചാവുമ്പോൾ ഫോൺ/ടി.വി/കമ്പ്യൂട്ടർ ദുരുപയോഗം ചെയ്യാനും സുഹൃത്തുക്ക ളുമായും മറ്റും വീട്ടിൽ സ്വതന്ത്രമായി ഇട പഴകാനും അവസരമുണ്ടാകുന്നു.

നവലൈംഗികതാവാദത്തെക്കുറിച്ച് ധൈഷണിക സംവാദങ്ങൾ നട ത്തിയതുകൊണ്ടോ അതിനെതിരെ ഉത്ത രാധുനിക ഭാഷയിൽ ലേഖനങ്ങളെഴു തിയതുകൊണ്ടോ ലൈംഗിക അരാജക ത്വത്തിൽനിന്ന് പുതുതലമുറയെ രക്ഷപ്പെ ടുത്താനാകില്ല. ഏതൊക്കെ വഴികളിലൂ ടെയാണ് രതിവൈകൃതങ്ങൾ വ്യാപിക്കു ന്നതെന്നും അതെങ്ങനെ തടയാമെന്നും ചിന്തിക്കുകയും വ്യാപകമായ പ്രായോ ഗിക നടപടികൾ സ്വീകരിക്കുകയുമാണ് ചെയ്യേണ്ടത്. 'സത്യം ചെരുപ്പിടു മ്പോഴേക്കും അസത്യം മൈലുകൾ സഞ്ച രിച്ചിരിക്കും' എന്നു പറയുന്നപോലെ 'ബൗദ്ധിക' ചർച്ചകൾ എവിടെയെങ്കിലും എത്തുമ്പോഴേക്കും, രക്ഷപ്പെടുത്താനാ കാത്ത വിധം കൗമാരം അരാജകത്വത്തിൽ ആപതിച്ചിരിക്കും. ■